**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുറപ്പന്തറ കാർഷിക സംഘത്തിന് ലഭിക്കാനുള്ള കുടിശ്ശികകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വി.എഫ്.പി.സി.കെ. വഴി കർഷകർക്ക് നൽകിവരുന്ന അടിസ്ഥാന വില ആനുകൂല്യങ്ങൾ കുറപ്പന്തറ കാർഷിക സംഘത്തിൽ ലേലം ചെയ്ത് വിൽക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ യുടെ 250 ഉം, ഹോർട്ടികോർപ്പിന്റെ 18 ഉം, കൃഷിവകുപ്പ് വിവിധ പദ്ധതികളിലായി ആരംഭിച്ചിട്ടുള്ള 32ഉം ഉൾപ്പെടെ 300 നോട്ടിഫൈഡ് വിപണികൾ വഴിയാണ് താങ്ങുവില പദ്ധതി പ്രകാരമുള്ള സംഭരണം നടത്തി വരുന്നത്.<br><br>കൂടുതൽ വിപണികളെ നോട്ടിഫൈഡ് മാർക്കറ്റ് ആക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | ദൂരെ സ്ഥലങ്ങളിൽ നിന്ന് ഉല്പന്നങ്ങൾ സംഘത്തിൽ എത്തിച്ച് വില്പന നടത്തിവരുന്ന കർഷകർക്ക് 2012 മുതൽ കിലോയ്ക്ക് 1.50 രൂപ നിരക്കിൽ നൽകി വരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് അടിയന്തരമായി അനുവദിക്കുന്നതിനും പ്രസ്തുത തുക കാലാനുസൃതമായി മൂന്ന് രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | നിലവിൽ കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും കോട്ടയം ജില്ല സംഭരണ കേന്ദ്രത്തിലും കാർഷികോല്പന്നങ്ങൾ ലേലത്തിന് എത്തിക്കുന്ന കർഷകർക്ക് മാത്രമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിവരുന്നത്.<br><br>ദൂരെ സ്ഥലങ്ങളിൽ നിന്നും ഉല്പന്നങ്ങൾ എത്തിച്ച് വില്പന നടത്തുന്ന കർഷകർക്ക് 25 കി.മീ പരിധിക്ക് Rs.1.5/ Kg, 26 കി.മി മുതൽ 50 കി.മി വരെ Rs 2/Kg, 50കി.മി മുകളിൽ Rs 2.5/Kg എന്ന നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ സബ്സിഡി നൽകി വരുന്നത്.<br><br>കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ നൽകുന്ന ഈ ട്രാൻസ്പോർട്ടേഷൻ സബ്സിഡി നിലവിൽ പര്യാപ്തമാണെന്ന് കാണുന്നു. |
| (സി) | നിലവിലെ വരുമാനം കൊണ്ട് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് നേരിടുന്ന സംഘത്തിന് കിട്ടാനുള്ള തുകയും കൈകാര്യ ചെലവും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കുറപ്പന്തറ കാർഷിക വിപണിക്ക് കൈകാര്യ ചിലവിനത്തിൽ 2023-24 വർഷത്തിൽ 2.00 ലക്ഷം രൂപയും 2024-25 വർഷത്തിൽ 1.50 ലക്ഷം രൂപയും, പ്രസ്തുത വിപണി ലഭ്യമാക്കിയ ക്ലെയിമിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. |
| (ഡി) | ഹോർട്ടികോർപ്പിന് സ്ഥിരമായി നൽകി വരുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ തുക ലഭിക്കുന്നതിന് | (ഡി) | കുറപ്പന്തറ കാർഷിക സംഘത്തിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 21.94552 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംഘത്തിന്റെ കുടിശ്ശിക ഹോർട്ടികോർപ്പിൽ നിന്ന് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ചിട്ടുണ്ട്.<br><br>ആയതിൽ ഡിസംബർ വരെയുള്ള സംഭരണവിലയായ 19.74078 ലക്ഷം രൂപ സമിതിക്ക നൽകിയിട്ടുണ്ട്. ബാക്കിയുള്ള സംഭരണ വില നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ